പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5021 23.3.2018-ൽ മറുപടിയ്ക്ക്

## സർക്കാർ ഉടമസ്ഥതയിലുള്ള ഹാച്ചറികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എം. സ്വരാജ് | | അഡ്വ.കെ.രാജു<br>(വനം,മൃഗസംരക്ഷണം<br>ക്ഷീരവികസനം,മൃഗശാല വകുപ്പ മന്ത്രി) |
| എ) | സംസ്ഥാനത്തെ സർക്കാർ ഉടമസ്ഥതയിലുള്ള ഹാച്ചറികൾ ആധുനികവത്കരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ; | എ) | സർക്കാർ ഉടമസ്ഥതയിലുള്ള ഹാച്ചറികൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി മുണ്ടയാട് മേഖലാ കോഴിവളർത്തൽ കേന്ദ്രത്തിലെ ഹാച്ചറി സൗകര്യം വിപുലീകരിക്കുന്നതിന് 4,98,000/ രൂപ ചെലവഴിച്ച് സെറ്റർ വാങ്ങുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു. മൃഗസംരക്ഷണ വകുപ്പും കൊല്ലം ജില്ലാ പഞ്ചായത്തും സംയുക്തമായി ആയൂർ തോട്ടത്തറ ഹാച്ചറി 5.82 കോടി രൂപ ചെലവഴിച്ച് ഉൽപ്പാദനം കൂട്ടുവാനുള്ള പദ്ധതി പൂർത്തിയാക്കുന്നതിനും മലപ്പുറം ജില്ലയിലെ എടവണ്ണയിൽ 3 കോടി രൂപ ചെലവഴിച്ച് പുതിയ ഹാച്ചറിയുടെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. മലപ്പുറം ജില്ലയിലെ ആതവനാട് കോഴിവളർത്തൽ കേന്ദ്രത്തിൽ ഹാച്ചറി പ്രവർത്തനം ഉടൻ ആരംഭിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |
| ബി) | മുട്ടക്കോഴി, ഇറച്ചിക്കോഴി എന്നിവ വളർത്തുന്നതിന് കൂടുതൽ ആളുകളെ പ്രേരിപ്പിക്കുന്നതിന് സഹായകമായ പദ്ധതികൾ നടപ്പിലാക്കുമോ; | ബി)&<br>സി)<br>&ഡി) | മുട്ടയുടെയും മാംസത്തിന്റെയും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളാണ് മൃഗസംരക്ഷണ വകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ളത്. മുട്ട ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് വകുപ്പിന്റെ കീഴിലുള്ള കോഴിഫാമുകളിലെ ഉൽപ്പാദനക്ഷമത പൂർണ്ണമായി വിനിയോഗിച്ച് കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് എഗ്ഗർനേഴ്സറികളുടെ സഹായത്തോടെ സ്കൂൾ കുട്ടികൾക്കും കർഷകർക്കും വിതരണം ചെയ്യുന്നു. കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ മുനിസിപ്പാലിറ്റികൾ/ കോർപ്പറേഷനുകളിലും കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കൂടുകളിൽ കോഴികളെ വളർത്തുന്ന പദ്ധതി നടപ്പിലാക്കുന്നു. |
| സി) | എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ; | | |
| ഡി) | മികച്ചയിനം മുട്ടക്കോഴി കുഞ്ഞുങ്ങളെ | | |

| | | | |
|---|---|---|---|
| | പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ? | | 5 കോഴികൾ വീതമുള്ള 500 യൂണിറ്റുകൾ നടപ്പ് വർഷം നടപ്പിലാക്കുന്നു. മൃഗസംരക്ഷണ വകുപ്പിന്റെയും പട്ടികജാതി വികസന വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ സംസ്ഥാനമൊട്ടാകെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 5600 ഗുണഭോക്താക്കൾക്ക് 56000 മുട്ടക്കോഴികളെ വിതരണം ചെയ്യുന്ന പദ്ധതിയും നടപ്പ് വർഷം നടപ്പാക്കി വരുന്നു. കൂടാതെ 10 താറാവുകൾ അടങ്ങുന്ന 4000 യൂണിറ്റുകൾ സ്ഥാപിച്ച് മുട്ടയുൽപ്പാദനം കൂട്ടുവാൻ ലക്ഷ്യമിട്ട് മൃഗസംരക്ഷണ വകുപ്പ് പദ്ധതി നടപ്പിലാക്കി വരുന്നു.<br>ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പ്, കെപ്കോ, കുടുംബശ്രീ എന്നീ സർക്കാർ ഏജൻസികളുടെ സംയുക്ത സംരംഭമായി 1000 കോഴികളടങ്ങുന്ന യൂണിറ്റുകൾ കുടുംബശ്രീ യൂണിറ്റുകൾ മുഖേന നടപ്പിലാക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആയതിന്റെ പൈലറ്റ് പ്രോജക്ടായി തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ആകെ 20 യൂണിറ്റുകൾ നടപ്പിലാക്കി വരുന്നു. പൈലറ്റ് പ്രോജക്ടിന്റെ അവലോകനശേഷം പദ്ധതി വ്യാപിപ്പിച്ച് സംസ്ഥാനമൊട്ടാകെ 5000 യൂണിറ്റുകൾ ആരംഭിക്കുവാൻ ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ